# പതിനാലാം കേരള നിയമസഭ
## (രണ്ടാം സമ്മേളനം)

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ:4973** **27/10/2016-ൽ മറുപടിയ്ക്ക്**

**കടലാക്രമണ ഭീഷണി നേരിടുന്ന മത്സ്യത്തൊഴിലാളി കുടുംബങ്ങളെ പുനരധിവസിപ്പിക്കാൻ കർമ്മ പദ്ധതി**

| ചോദ്യം | മറുപടി |
|---|---|
| ശ്രീ.എം. വിൻസെന്റ്<br>ശ്രീ.വി.ഡി.സതീശൻ<br>ശ്രീ.ഹൈബി ഈഡൻ<br>ശ്രീ.വി.എസ്.ശിവകുമാർ | ശ്രീമതി. മേഴ്സിക്കുട്ടിഅമ്മ<br>(മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കാഷ്യൂ വ്യവസായവും വകുപ്പ് മന്ത്രി): |
| എ) കടലാക്രമണ ഭീഷണി നേരിടുന്ന മത്സ്യത്തൊഴിലാളി കുടുംബങ്ങളെ പുനരധിവസിപ്പിക്കാൻ എന്തെല്ലാം കർമ്മ പദ്ധതികളാണ് ആസൂത്രണം ചെയ്തിട്ടുള്ളതെന്ന് വിശദമാക്കുമോ; | എ) സംസ്ഥാനത്ത് കടലാക്രമണത്തിൽ വീടും ഭൂമിയും നഷ്ടപ്പെട്ട മത്സ്യത്തൊഴിലാളി കുടുംബങ്ങളെ പുനരധിവസിപ്പിക്കുന്നതിന്റെ ഭാഗമായി ആദ്യഘട്ടമെന്ന നിലയിൽ 248 കുടുംബങ്ങൾക്ക് സ്ഥലം വാങ്ങി വീട് നിർമ്മിക്കുന്നതിനുള്ള പദ്ധതിക്ക് സ്പെഷ്യൽ വർക്കിംഗ് ഗ്രൂപ്പിന്റെ അംഗീകാരം ലഭിച്ചിട്ടുണ്ട്. ഭരണാനുമതി ഉടൻ നൽകുന്നതാണ്. 50 മീറ്റർ ദൂരപരിധിയിൽ തീരപ്രദേശത്ത് നിരന്തരം കടലാക്രമണഭീഷണി നേരിടുന്ന ഏകദേശം 24850 കുടുംബങ്ങളുണ്ട്. അതിൽ 4320 കുടുംബങ്ങൾ മത്സ്യത്തൊഴിലാളി ഇതരവിഭാഗത്തിൽ ഉൾപ്പെടുന്നവരാണ്. ഇവരുടെയെല്ലാം സമ്പൂർണ്ണ പുനരധിവാസത്തിന് സമഗ്രവും ബൃഹത്തുമായ ഒരു പദ്ധതി നടപ്പാക്കാൻ ആലോചിച്ചുവരുന്നു. |
| ബി) കടൽ തീരത്തു നിന്നും എത്ര മീറ്ററിനുള്ളിൽ താമസിക്കുന്ന കടലാക്രമണ ഭീഷണി നേരിടുന്ന മത്സ്യത്തൊഴിലാളി കുടുംബങ്ങളെയാണ് പുനരധിവസിപ്പിക്കുവാൻ ലക്ഷ്യമിട്ടിട്ടുള്ളതെന്ന് വിവരിക്കുമോ; | ബി) കടൽതീരത്തുനിന്നും 50 മീറ്ററിനുള്ളിൽ താമസിക്കുന്ന മത്സ്യത്തൊഴിലാളി കുടുംബങ്ങളെ സുരക്ഷിത വാസ സ്ഥലത്തേക്ക് മാറ്റി പാർപ്പിക്കുന്നതിനാണ് ലക്ഷ്യമിട്ടിരിക്കുന്നത്. |
| സി) മത്സ്യത്തൊഴിലാളി കുടുംബങ്ങൾക്ക് പുനരധിവാസത്തിനുള്ള സ്ഥലങ്ങൾ എവിടെ കണ്ടെത്താനാണ് തീരുമാനിച്ചിട്ടുള്ളതെന്ന് വിശദമാക്കാമോ? | സി) സർക്കാർ ഭൂമിയിലോ, സ്വകാര്യ വ്യക്തികൾ/ സന്നദ്ധ സംഘടനകൾ/ ഓർഗനൈസേഷൻ എന്നിവരിൽ നിന്നുള്ള ഭൂമിയോ ജനകീയപങ്കാളിത്തത്തോടെ കണ്ടെത്തി പുനരധിവാസം നടത്തുന്നതിനാണ് തീരുമാനിച്ചിട്ടുള്ളത്. |

**സെക്ഷൻ ആഫീസർ**